**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2004** **02-02-2024 - ൽ മറുപടിയ്ക്ക്**

**പൊതു ഇടങ്ങളിലെ ഓപ്പൺ ജിമ്മുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിനു കീഴിൽ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലകളിലെ തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓപ്പൺ ജിം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 16/02/2022 ലെ സ.ഉ.(സാധാ.) നം.28/2022/കാ.യു.വ. പ്രകാരം 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 26/02/2021-ലെ സ.ഉ.(എം.എസ്.) നം.6/2021/കാ.യു.വ., 07/07/2021-ലെ സ.ഉ.(എം.എസ്.) നം.8/2021/കാ.യു.വ., എന്നിവ പ്രകാരം കായികയുവജനകാര്യ വകപ്പിന് കീഴിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, മലപ്പുറം, ആലപ്പുഴ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ആര്യാട്, മാരാരിക്കുളം നോർത്ത്, മാരാരിക്കുളം സൗത്ത്, മണ്ണഞ്ചേരി പഞ്ചായത്തുകളിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 01.07.2023 ൽ ജില്ലാ കളക്ടറിന് നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പാറശാല മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ; | (ബി) | പാറശ്ശാല മണ്ഡലത്തിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാറശാല മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലങ്ങൾ | (സി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുള്ളതെന്നും അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; | | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ഡി) | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ